**പതിനാലാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1883 06-02-2019-ൽ മറുപടിയ്ക്ക്

**<u>പഞ്ചിംഗ് സംവിധാനം</u>**

**<u>ചോദ്യം</u>**

ശ്രീ.കെ.ബാബു.

**<u>മറുപടി</u>**

പിണറായി വിജയൻ

(മുഖ്യമന്ത്രി)

| ചോദ്യം | | മറുപടി | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ഏതെല്ലാം വകുപ്പുകളിലാണ് പഞ്ചിംഗ് സംവിധാനം നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) & (ബി) | ഭരണ നവീകരണത്തിന്റെ ഭാഗമായി കേരളത്തിലെ സർക്കാർ ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്ന തിന് സെക്രട്ടേറിയറ്റിൽ 2018 ജനുവരി 1 മുതലും, മറ്റെല്ലാ സർക്കാർ ഓഫീസുകളിലും 2018 ഒക്ടോബർ 1 നകവും ഓരോ വകുപ്പിലെയും എല്ലാ തലത്തിലുമുള്ള ഓഫീസുകളിൽ സ്പാർക്ക്ബന്ധിത പഞ്ചിംഗ് സംവിധാനം കാര്യക്ഷമമായി നടപ്പിലാക്കിയ ശേഷം അതതു വകുപ്പിന് കീഴിലുള്ള അതോറിറ്റികൾ, സ്വയംഭരണ സ്ഥാപനങ്ങൾ, കമ്മീഷനുകൾ തുടങ്ങി സർക്കാർ ഗ്രാന്റോടുകൂടി പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിലും ഈ സംവിധാനം 2018 ഡിസംബർ 31 നകവും നടപ്പിൽ വരുത്താനും നിർദ്ദേശിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ നിർദ്ദേശം കഴിയുന്നത്ര വേഗത്തിൽ നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | എല്ലാ വകുപ്പുകളിലും പഞ്ചിംഗ് സംവിധാനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആയത് എന്ന് മുതൽ പ്രാബല്യത്തിൽ കൊണ്ടുവരുമെന്ന് വിശദമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**